പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3447 11.12.2018- ൽ മറുപടിയ്ക്ക്

## പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) കൃഷിഭവനുകൾക്ക് കീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ നിലവിലുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ഉണ്ടെന്നതിന്റെ കണക്ക് ജില്ല തിരിച്ച് വിശദമാക്കുമോ;

(എ) ഉണ്ട്. സംസ്ഥാനത്ത് 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. 2018-19 വർഷത്തിൽ 14 ജില്ലകളിലായി പുതിയതായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലതിരിച്ച് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 15 |
| 3 | ആലപ്പുഴ | 15 |
| 4 | പത്തനംതിട്ട | 9 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 12 |
| 7 | എറണാകുളം | 18 |
| 8 | തൃശ്ശൂർ | 25 |
| 9 | പാലക്കാട് | 16 |
| 10 | മലപ്പുറം | 17 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 16 |
| 14 | കാസർഗോഡ് | 8 |
| | **ആകെ** | **202** |

(ബി) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുക വഴി കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടം

(ബി) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുവാനും, നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള

| | | |
|---|---|---|
| | എന്താണ് എന്ന് വിശദമാക്കുമോ: | ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകാനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുക വഴി കഴിഞ്ഞിട്ടുണ്ട്. 2017-18 വരെ 152 ബ്ലോക്കുകളിലായി 202 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു. കൂടാതെ കൊല്ലം, പാലക്കാട്. മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ ഭാഗമായ പെസ്റ്റ് സ്കൗട്ടുകൾ കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുയും കീടരോഗബാധയുടെ തോത് മനസ്സിലാക്കി, കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും, നിയന്ത്രണ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop pest Surveillance System (CPSS) എന്ന സേവനം ഇതുവഴി കർഷകർക്ക് ലഭിക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധ വിവരങ്ങൾ അടങ്ങിയ ചെറു ലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ക്ലിനിക്കുകൾ വഴി ലഭ്യമാക്കുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പെസ്റ്റ് ബുള്ളറ്റിനും ഇതുവഴി ലഭ്യമാക്കുന്നു. തന്മൂലം ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കർഷകർക്ക് കഴിയുന്നു. |
| (സി) | സംസ്ഥാനത്ത് കൂടുതൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങികഴിഞ്ഞു. 2018-19-ൽ 50 എണ്ണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുയും ചെയ്തിട്ടുണ്ട്. ഘട്ടം ഘട്ടമായി മുഴുവൻ കൃഷി ഭവനുകളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ